## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4702 19.05.2017-ൽ മറുപടിയ്ക്ക്

### എ.റ്റി. എസ്.പി. പ്രകാരം അനുവദിച്ച വീടുകൾ

ചോദ്യം
ശ്രീ.മഞ്ഞളാംകുഴി അലി

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഭവനരഹിതർക്ക് എ.റ്റി.എസ്.പി. ഭവനനിർമ്മാണ പദ്ധതി പ്രകാരം വീടുകൾ അനുവദിച്ചിട്ടുണ്ട്; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗക്കാർക്ക് എ.ടി.എസ്.പി ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ വീടുകൾ അനുവദിച്ചിട്ടില്ല. എന്നാൽ വകുപ്പുതലത്തിലുള്ള മറ്റ് പദ്ധതികളിലായി ഒട്ടാകെ 6709 വീടുകൾ അനുവദിച്ചിട്ടുണ്ട്. |
| ബി) | ഈ വീടുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | ബി) | പട്ടികവർഗ്ഗ മേഖലയിൽ അനുവദിച്ച മുഴുവൻ വീടുകളുടെയും നിർമ്മാണ പുരോഗതി ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ യഥാസമയം വിലയിരുത്താറുണ്ട്. ആയതിനു പുറമെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഡയറക്ടറേറ്റ് തലത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരും ടി വീടുകളുടെ നിർമ്മാണ പുരോഗതി നേരിട്ട് അന്വേഷിച്ച് വിലയിരുത്താറുണ്ട്. |
| സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്കുള്ള ഭവനനിർമ്മാണ സഹായപദ്ധതി പ്രകാരം അനുവദിക്കുന്ന | സി) | പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന വീടുകളുടെ ഓരോ സ്റ്റേജും പൂർത്തിയാകുന്ന മുറയ്ക്ക് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ പരിശോധിച്ച് സ്റ്റേജ് |

| | | | |
|---|---|---|---|
| | തുകയുടെ ഗഡുക്കൾ യഥാസമയം വിതരണം ചെയ്യുന്നുണ്ടെന്നും ഈ പദ്ധതികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്നും ഉറപ്പു വരുത്തുന്നതിനു നടപടി സ്വീകരിക്കുമോ? | | സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ധനസഹായം വിതരണം നടത്തി വരുന്നു.<br>ജില്ലാതല ഉദ്യോഗസ്ഥൻമാരായ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ വീടുകളുടെ വിവിധ സ്റ്റേജുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തി തുക യഥാസമയം വിതരണം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ